LIBRARY ARCHIVES Kerala Legislative Assembly

എന്ന നിലയിൽ അല്ലാത്തതിനാലും ആധാരത്തിന് ഡ്യൂട്ടി ഇളവിന് അർഹത യില്ലെന്നാണ് ഫുൾ ബഞ്ച് അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇക്കാര്യം WP(C) 1765/15 കേസിൽ ഹൈക്കോടതി സിംഗിൾ ബഞ്ച് പരിഗണിക്കുകയും 13-3-2015-ന്റെ വിധിന്യായത്തിൽ ഫുൾ ബഞ്ചിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിധി പറയുകയും ചെയ്തു. വിധിയുടെ രണ്ടാം ഖണ്ഡികയിൽ വസ്തുഉടമ T.P. ആക്ടിലെ 55-ാം വകുപ്പ് പ്രകാരം വസ്തുഉടമ എന്ന നിലയിൽ മാത്രം ആധാരത്തിൽ ഒപ്പിടുന്നത് സൊസൈറ്റിയുടെ പേരിൽ ഒപ്പിടുന്നതായി കണക്കാക്കാനാകില്ലെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ട്. സിംഗിൾ ബഞ്ച് വിധിക്കെതിരെ ഫയൽ ചെയ്യപ്പെട്ട WA 630/15 നമ്പർ റിട്ട് അപ്പീലിൽ 17-3-2015-ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ ഡിവിഷൻ ബഞ്ച്, സിംഗിൾ ബഞ്ച് ഉത്തരവ് ശരിവച്ചു. പ്രസ്തുത വിധിക്കെതിരെ ഹർജിക്കാരായ കേരള ലാന്റ് റിഫോംസ് & ഡെവലപ്മെന്റ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4482 എന്ന സഹകരണ സ്ഥാപനം സുപ്രീം കോടതിയിൽ SLP (C) No. 13416/2015 ആയി സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിരിക്കുന്നതിനാൽ സുപ്രീം കോടതിവിധി പുറപ്പെടുവിച്ചാൽ മാത്രമെ ഈ വിഷയത്തിൽ തീരുമാനമാവുകയുള്ളൂ. ആയതിനാൽ ഈ വിഷയത്തിൽ സബ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകാൻ നിയമപരമായി ഇപ്പോൾ കഴിയുന്നതല്ല.

ആധാരങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ

125 (2621) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആധാരങ്ങളുടെ രജിസ്ട്രേഷൻ ഓൺ ലൈൻ വഴി ആക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഇത് എന്നത്തേക്ക് പൂർത്തീകരി ക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ബി) ഏതു സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇതിനകം ഓൺലൈൻ രജിസ്ട്രേഷൻ നടപ്പാക്കാനായി എന്ന് അറിയിക്കാമോ ; ഇതിന്റെ നടപടിക്രമം വിശദമാക്കാമോ ;

(സി) ഓൺലൈൻ രജിസ്ട്രേഷൻ നടപ്പാക്കിയ സബ്രജിസ്ട്രാർ ഓഫീസുകളിലെ വസ്തു രജിസ്ട്രേഷൻ സംബന്ധിച്ച് വ്യാപകമായ പരാതി ഉയർന്നുവന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഓൺലൈൻ രജിസ്ട്രേഷന് കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളുടെ കുറവും, ഉദ്യോഗസ്ഥർക്ക് മതിയായ പരിശീലനം നൽകാത്തതും രജിസ്ട്രേഷൻ നടപടികളിൽ അപാകതകൾ ഉണ്ടാകുന്നതിന് കാരണമായിട്ടുണ്ടോ ; ഇത് പരിശോധിച്ചിട്ടുണ്ടോ വിശദമാക്കാമോ ?

ഉത്തരം

(എ) ആധാര രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആധാരവിവരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിനനുസരിച്ച് രജിസ്ട്രേഷനുള്ള തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ടോക്കൺ എടുക്കാനുമുള്ള സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) ആധാര രജിസ്ട്രേഷനുവേണ്ടി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആധാരം തയ്യാറാക്കിയശേഷം രജിസ്ട്രേഷന് ഹാജരാക്കുന്നതിനുമുമ്പായി ആധാരവിവരങ്ങൾ ഓൺലൈനായി സമർപ്പിച്ച് ആധാര രജിസ്ട്രേഷനുള്ള സമയം മുൻകൂട്ടി അറിയാനുള്ള സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഈ സൗകര്യം തിരുവനന്തപുരം ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിലും ലഭ്യമാണ്.

(സി & ഡി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

ബഡ്ജറ്റ് വിഹിത വിനിയോഗം

126 (2622) ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബജറ്റ് വിഹിതത്തിൽ കൂടുതൽ തുക ചെലവഴിച്ചുകൊണ്ട് പൊതുമരാമത്ത് രംഗത്ത് നേട്ടം കൈവരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ എത്ര ശതമാനം തുക ചെലവഴിച്ചാണ് ഈ നേട്ടം കൈവരിച്ചതെന്നും അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly